പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3478 — 22/08/2017-ൽ മറുപടിക്ക്

## ദേശീയ ആരോഗ്യ ദൗത്യത്തിൽ പ്രവർത്തിക്കുന്നവരുടെ വേതനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കേന്ദ്ര സർക്കാർ പദ്ധതിയായ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലഭിക്കുന്നത് തുച്ഛമായ വേതനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. നാഷണൽ ഹെൽത്ത് മിഷനിലെ ഓരോ തസ്തികയ്ക്കും കേന്ദ്ര സർക്കാർ അംഗീകരിച്ച തന്നിട്ടുള്ള തോതനുസരിച്ച മാത്രമേ ശമ്പളം നൽകാൻ കഴിയൂ. |
| ബി) | എൻ.എച്ച്.എമ്മിൽ എത്ര നഴ്സുമാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവരുടെ ശമ്പളം എത്രയാണെന്നും വ്യക്തമാക്കാമോ; | ബി) | നിലവിൽ എൻ.എച്ച്.എം.-ൽ 1140 സ്റ്റാഫ് നേഴ്സുമാർ ജോലി നോക്കി വരുന്നുണ്ട്. അതിൽ 358 പേർ 16,050/- രൂപയും, 208 പേർ 15,290/- രൂപയും 574 പേർ 13,900/- രൂപയുമാണ് കൺസോളിഡേറ്റഡ് പേ ആയി വാങ്ങുന്നത്. |
| സി) | എൻ.എച്ച്.എമ്മിൽ ഉള്ളവർക്ക് സർക്കാർ മേഖലയിൽ ഇതേ ജോലി ചെയ്യുന്നവരുടെ അടിസ്ഥാന ശമ്പളത്തിന്റെ അത്ര പോലും പ്രതിഫലം ലഭിക്കുന്നില്ലായെന്നുള്ളത് വാസ്തവമാണോ; | സി) | എൻ.എച്ച്.എം.ലെ ജീവനക്കാർക്കും സർക്കാർ മേഖലയിൽ ഇതേ ജോലി ചെയ്യുന്നവരുടെയും ശമ്പളത്തിൽ കാതലായ വ്യത്യാസമുണ്ട്. ഇത് സംസ്ഥാന സർക്കാരിന് മാത്രമായി പരിഹരിക്കാൻ കഴിയില്ല. |
| ഡി) | സർക്കാർ സ്ഥാപനങ്ങളിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പരമാവധി വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; | ഡി) | സർക്കാർ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരായ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ പരമാവധി വേതനം 26500 – 56700/- ശമ്പള സ്കെയിലിൽ ആണ് ലഭിക്കുന്നത്. |
| ഇ) | എൻ.എച്ച്.എമ്മിൽ പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പരമാവധി വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; | ഇ) | എൻ.എച്ച്.എം-ൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ കുറഞ്ഞ വേതനം 11,620 രൂപയും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പരമാവധി വേതനം 13,420/- രൂപയുമാണ്. |

| | | | |
|---|---|---|---|
| എഫ്) | സർക്കാർ മേഖലയിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും ഇതേ ജോലി ചെയ്യുന്ന എൻ.എച്ച്.എമ്മിനു കീഴിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും ലഭിക്കുന്ന വേതനം എത്രയാണ്; സംസ്ഥാന ജീവനക്കാരുടെ വേതനത്തിനു തുല്യമായി വേതനം ആരോഗ്യ കേരളം പദ്ധതിക്കു കീഴിൽ പ്രവർത്തിക്കുന്നവർക്കും കൂടി നൽകാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ ? | എഫ്) | സർക്കാർ മേഖലയിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് ലഭിക്കുന്ന വേതനത്തിൽ അടിസ്ഥാന ശമ്പളം , ഡി.എ., അലവൻസ് എന്നിവ ഉൾപ്പെടുന്നു. എൻ.എച്ച്.എം-നു കീഴിൽ പ്രവർത്തിക്കുന്ന എം.ബി.ബി.എസ് ഡോക്ടർമാരുടെ നിലവിലെ ശമ്പളം 36,250/- രൂപയാണ്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ വേതനത്തിന് തുല്യമായ വേതനം ആരോഗ്യ കേരളത്തിനു കീഴിൽ പ്രവർത്തിക്കുന്നവർക്കും കൂടി നൽകുന്ന വിഷയം ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി തീരുമാനിക്കപ്പെടേണ്ടതാണ്. |

സെക്ഷൻ ഓഫീസർ